പേര്യ വനംകൊള്ളയുടെ പേരിൽ ഉദ്യോഗസ്ഥന്മാർക്കെതിരെ നടപടി

53 (326)ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട്ടിൽ പേര്യയിൽ നടന്ന വനംകൊള്ളയുടെ പേരിൽ വനം വകുപ്പിലെ ഏതെല്ലാം ഉദ്യോഗസ്ഥരുടെ പേരിൽ ശിക്ഷണ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) പേര്യ വനംകൊള്ളയുടെ ഭാഗമായി അനധികൃതമായി എത്ര മരങ്ങൾ മുറിച്ചിട്ടുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ;

(സി) പ്രസ്തുത മരങ്ങൾക്ക് ഉദ്ദേശം എന്തു വിലവരുമെന്ന് കണക്കാക്കിയിട്ടുണ്ടോ;

(ഡി) പേര്യയിൽ നടന്ന വനംകൊള്ളയുടെ പേരിൽ നോർത്ത് വയനാട് ഡിവിഷനിലെ പേര്യ റെയിഞ്ചറുടെയും അവിടത്തെ മുഴുവൻ ഫോറസ്റ്റർമാരുടെയും ഫോറസ്റ്റ് ഗാർഡുമാരുടെയും പേരിൽ ശിക്ഷണനടപടി സ്വീകരിക്കുമോ;

(ഇ) വനഭൂമിയിൽ നിന്നും 500-ഓളം മരങ്ങൾ മുറിച്ചിട്ടും മരംവെട്ട് തടയാതിരുന്ന ഡി.എഫ്.ഒ. യിലെ റെയിഞ്ചർക്കും മറ്റു ഫീൽഡ് ജീവനക്കാർക്കും ഇക്കാര്യത്തിലുള്ള പങ്കിനെ സംബന്ധിച്ച് വിശദമായ അന്വേഷണം നടത്തുമോ?

ഉത്തരം

(എ) വയനാട്ടിൽ പേര്യയിൽ നടന്ന വനംകൊള്ളയുടെ പേരിൽ വനം വകുപ്പിലെ താഴെപ്പറയുന്ന ഉദ്യോഗസ്ഥൻമാരെ അച്ചടക്കനടപടിക്കു വിധേയമായി സർവീസിൽ നിന്നും സസ്പെന്റ് ചെയ്തിട്ടുണ്ട്.

1.	ശ്രീമതി ശോഭനകമല സുദർശനറാവു, ഐ.എഫ്.എസ്.	ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, വയനാട് നോർത്ത്
2.	ശ്രീ. പി.കെ. ഉദയകുമാർ	റെയിഞ്ച് ഓഫീസർ, പേര്യ റെയിഞ്ച്
3.	ശ്രീ. കെ.എം. ഉണ്ണികൃഷ്ണൻ	ഫോറസ്റ്റർ, വരയാൽ ഫോറസ്റ്റ് സ്റ്റേഷൻ
4.	ശ്രീ. പി.വി. പരമശിവൻ	ഫോറസ്റ്റർ, വരയാൽ ഫോറസ്റ്റ് സ്റ്റേഷൻ
5.	ശ്രീ. എം.കെ. പത്മനാഭൻ	ഫോറസ്റ്റ് ഗാർഡ്, വരയാൽ ഫോറസ്റ്റ് സ്റ്റേഷൻ
6.	ശ്രീ. ശശികുമാർ	ഫോറസ്റ്റ് ഗാർഡ്, വരയാൽ ഫോറസ്റ്റ് സ്റ്റേഷൻ
7.	ശ്രീ. പി.ബി. സുനിൽകുമാർ	ഫോറസ്റ്റ് ഗാർഡ്, വരയാൽ ഫോറസ്റ്റ് സ്റ്റേഷൻ
8.	ശ്രീ. എ. യേശുദാസൻ	ഫോറസ്റ്റ് ഗാർഡ്, വരയാൽ ഫോറസ്റ്റ് സ്റ്റേഷൻ

LIBRARY ARCHIVES Kerala Legislative Assembly

9. ശ്രീ. ബിനു മാത്യു	ഫോറസ്റ്റ് ഗാർഡ്, വരയാൽ ഫോറസ്റ്റ് സ്റ്റേഷൻ
10. ശ്രീ. പി.പി. മുളീധരൻ	ഫോറസ്റ്റ് ഗാർഡ്, വരയാൽ ഫോറസ്റ്റ് സ്റ്റേഷൻ
11. ശ്രീ. എം. ശശിധരൻ	ഫോറസ്റ്റ് ഗാർഡ്, വരയാൽ ഫോറസ്റ്റ് സ്റ്റേഷൻ

(ബി) 431 മരങ്ങൾ മുറിച്ചതായി അന്വേഷണത്തിൽ കണ്ടെത്തിയിട്ടുണ്ട്.

(സി) ടി മരങ്ങൾക്ക് 1,20,60,249/- രൂപ വിലവരുമെന്ന് കണക്കാക്കിയിട്ടുണ്ട്.

(ഡി) അന്വേഷണത്തിൽ കുറ്റക്കാരെന്നുകണ്ട പേര്യ റെയിഞ്ചോഫീസറും, രണ്ടു ഫോറസ്റ്ററും ഫ്ലൈ ഫോറസ്റ്റ് ഗാർഡും ഡി.എഫ്.ഒ.യും ഉൾപ്പെടെ 11 ഉദ്യോഗസ്ഥന്മാരുടെ പേരിൽ അച്ചടക്കനടപടി സ്വീകരിച്ചിട്ടുണ്ട്.

(ഇ) ഇതു സംബന്ധിച്ച് വനം വകുപ്പിലെ വിജിലൻസ് വിഭാഗം വിശദമായ അന്വേഷണം നടത്തിവരുന്നു.

അനധികൃത മരംമുറിയ്ക്കൽ തടയുന്നതിൽ വീഴ്ച വരുത്തിയ വർക്കെതിരെ നടപടി

54 (327)ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ :

ശ്രീ. സി. മൊയീൻകുട്ടി :

ശ്രീ. ചെർക്കളം അബ്ദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനന്തവാടി താലൂക്കിൽ വട്ടോളി എസ്റ്റേറ്റിൽ വനഭൂമിയിൽക്കൂടി റോഡ് നിർമ്മാണം നടത്തി അനധികൃതമായി മരം മുറിച്ച് കടത്തുന്നത് തടയുന്നതിന് വീഴ്ചവരുത്തിയ വനം വകുപ്പിലെ ഉദ്യോഗസ്ഥർ ആരെല്ലാമെന്ന് വെളിപ്പെടുത്തുമോ;

(ബി) ഇവർക്കെതിരെ എന്തെല്ലാം ശിക്ഷണനടപടികൾ കൈക്കൊണ്ടു; വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) മാനന്തവാടി താലൂക്കിൽ വട്ടോളി എസ്റ്റേറ്റിൽ നടന്ന അനധികൃത മരംമുറി തടയുന്നതിൽ വീഴ്ചവരുത്തിയത് താഴെപ്പറയുന്ന ഉദ്യോഗസ്ഥൻമാരാണെന്ന് വനം വകുപ്പിലെ വിജിലൻസ് വിഭാഗം നടത്തിയ പ്രാഥമിക അന്വേഷണത്തിൽ കണ്ടെത്തിയിട്ടുണ്ട്.

(1) ശ്രീമതി ശോഭനകമല സുദർശനറാവു ഐ.എഫ്.എസ്. ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, വയനാട് നോർത്ത്.

(2) ശ്രീ. പി.കെ. ഉദയകുമാർ, റെയിഞ്ചോഫീസർ, പെരിയ റെയിഞ്ച്.

(3) ശ്രീ. കെ.എം. ഉണ്ണികൃഷ്ണൻ, ഫോറസ്റ്റർ, വരയാൽ ഫോറസ്റ്റ് സ്റ്റേഷൻ.

(4) ശ്രീ. പി.വി. പരമശിവൻ, ഫോറസ്റ്റർ, വരയാൽ ഫോറസ്റ്റ് സ്റ്റേഷൻ.

LIBRARY ARCHIVES Kerala Legislative Assembly